ഊർജ്ജ സർവ്വേ നടത്തുന്നതിന്റെ ഭാഗമായി ചെലവായ തുക

158 (1122) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടികവർഗ്ഗ വികസനവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സർവ്വേ നടത്തുന്നതിന്റെ ഭാഗമായി കുടുംബശ്രീ പ്രവർത്തകർക്കും കോളനികളിലെ എൽ.എസ്.എസ്. എന്ന സംഘടനയ്ക്കും ട്രെയിനിംഗ്, മീറ്റിംഗ് എന്നിവ നടത്തിയതിന് എത്ര തുക ചെലവായി ; ഓരോന്നും തരംതിരിച്ച് ലഭ്യമാക്കുമോ ; ബന്ധപ്പെട്ട രേഖകളുടെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഊർജ്ജ സർവ്വേയുടെ പരസ്യത്തിനുവേണ്ടി ആകെ ചെലവഴിച്ച തുക എത്രയാണ് ; ബാനറുകൾ, സ്റ്റിക്കറുകൾ, പോസ്റ്ററുകൾ എന്നിവ എത്ര വീതം പുറത്തിറക്കി ; ഇവയുടെ എല്ലാം പേമെന്റ് ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) സഹകരണ ഏജൻസിയായ ഐമെഗ് എന്ന കമ്പനിക്ക് ഏത് ജോലിക്കാണ് ഉത്തരവ് നൽകിയതെന്നും ടെൻഡർ വിളിച്ചാണോ നൽകിയത് എന്നും വ്യക്തമാക്കുമോ ; പ്രസ്തുത കമ്പനിക്ക് ഇതുവരെ നൽകിയ പേമെന്റ് ഉത്തരവിന്റെ കോപ്പികൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1. നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം ഓഫീസർമാർക്ക് കോട്ടയം, തൃശ്ശൂർ, കോഴിക്കോട് കേന്ദ്രീകരിച്ച് റീജണൽ മീറ്റിംഗ് നടത്തുന്നതിന് 2,82,000 (രണ്ട് ലക്ഷത്തി എൺപത്തിരണ്ടായിരം രൂപ) അനുവദിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധം I ആയി ചേർക്കുന്നു.*

2. പതിനാല് ജില്ലകളിലായി അണെർട്ട് സ്റ്റാഫ് ഇലക്ട്രിസിറ്റി കൺവീനർമാർ, ജില്ലാ ഫാക്കൽറ്റി അംഗങ്ങൾ NSS, NCC പ്രോഗ്രാം ഓഫീസർമാർ എന്നിവർക്ക് പരിശീലനം നൽകുന്നതിനായി ആകെ 59663 (അൻപത്തി ഒൻപതിനായിരത്തി അറുനൂറ്റി അറുപത്തി മൂന്ന് രൂപ) ഉത്തരവുകൾ അനുബന്ധം II-ൽ വച്ചിട്ടുണ്ട്.* താഴെ പറയുന്ന പഞ്ചായത്തുകളിലാണ് NSS വോളണ്ടിയർമാരെ ഉപയോഗിച്ച് സർവ്വേ നടത്തിയത്.

1.	കൊല്ലം	:	കുളത്തുപ്പുഴ, ചിതറ, ആദിച്ചനല്ലൂർ, വിളക്കോടി, തെന്മല, പുനലൂർ, ശൂരനാട് തെക്ക്, പോരുവഴി, കുന്നത്തൂർ
2.	എറണാകുളം	:	കാഞ്ഞൂർ, കാലടി, കുന്നുകര, ആലുവ, പായിപ്ര, മഞ്ഞപ്ര, ഉദയംപേരൂർ, ആമ്പല്ലൂർ
3.	കണ്ണൂർ	:	നടുവിൽ, പട്ടുവം, മട്ടന്നൂർ, ചെമ്പിലോട്
4.	പാലക്കാട്	:	അഗളി, എലപ്പുള്ളി, അലനല്ലൂർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഊർജ്ജ സർവ്വേയുടെ ഭാഗമായി പരസ്യങ്ങൾക്കായി ചെലവഴിച്ച തുക ഇപ്രകാരമാണ്.

1. 30000 പോസ്റ്ററുകൾ പഞ്ചായത്തുകളിൽ പ്രദർശിപ്പിക്കാൻ അച്ചടി ചെലവായി 42,000 രൂപ ചെലവായിട്ടുണ്ട്.

2. രണ്ട് ലക്ഷം വീടുകളിൽ സർവ്വേ നടത്തുന്നതിന്റെ ഭാഗമായി വീടുകൾ തിരിച്ചറിയാനുള്ള സ്റ്റിക്കറുകൾ പതിച്ചിരുന്നു. 200000 സ്റ്റിക്കറുകൾ അച്ചടിക്കാനുള്ള ചെലവായി 1,56,060 രൂപ നൽകിയിട്ടുണ്ട്.

3. 14730 ബാനറുകൾ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പഞ്ചായത്തിൽ അഞ്ച് പ്രമുഖ സ്ഥലത്ത് വീതം പ്രദർശിപ്പിക്കാനായി എത്തിച്ചിരുന്നു. ഈ ബാനറുകളുടെ അച്ചടി ചെലവായി 27,360 രൂപ നൽകി. പേമെന്റ് ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം III ആയി വച്ചിട്ടുണ്ട്.*

(സി) സർവ്വേയ്ക്ക് ആവശ്യമായ മാന്വലുകൾ, ഫോറങ്ങൾ എന്നിവ തയ്യാറാക്കുക, 451 തദ്ദേശഭരണ സ്ഥാപനങ്ങളുമായി രജിസ്റ്റർ ചെയ്യപ്പെട്ട രണ്ട് ലക്ഷം വൈദ്യുതിയില്ലാത്ത വീടുകളിൽ പഞ്ചായത്ത് തെരഞ്ഞെടുത്ത വോളന്റിയർമാരെ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിന്റെ ഗുണനിലവാരം അതാത് സമയം തന്നെ ഉറപ്പ് വരുത്തുക, വോളന്റിയർമാർക്ക് പരിശീലനം നൽകുക, ഫീൽഡിൽ ആവശ്യമായ സംശയ നിവാരണം നടത്തുക, പ്രാഥമിക റിപ്പോർട്ടുകൾ തയ്യാറാക്കുക, ഊർജ്ജോസൂത്രണത്തിന് ആവശ്യമായ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി കേരളാ യൂണിവേഴ്സിറ്റിയുടെ ഫ്യൂച്ചേഴ്സ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിനെയാണ് ചുമതലപ്പെടുത്തിയത്. ഇന്ത്യ ഗവൺമെന്റിന് വേണ്ടിയും UNDP-യ്ക്കും വേണ്ടിയും സർവ്വേ നടത്തി പരിചയമുള്ള IMEG എന്ന സ്ഥാപനത്തെ ഫീൽഡ് വർക്കിനായി കേരള സർവ്വകലാശാലയുടെ ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ് നൽകിയ ലിസ്റ്റിൽ നിന്നുമാണ് തെരഞ്ഞെടുത്തത്. കേരള യൂണിവേഴ്സിറ്റിയുടെ ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിനെ നിയോഗിച്ചതിന് ടെണ്ടർ വിളിച്ചിട്ടില്ല. പേമെന്റ് ഉത്തരവ് അനുബന്ധം IV ആയി വയ്ക്കുന്നു.*

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

180 (1124) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടികവർഗ്ഗ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVED Kerala Legislative Assembly